മിസ്റ്റർ പി. മാധവമേനോൻ.—(എ) ഈ സംഗതിയെപ്പറ്റി അനുകൂലിച്ചും പ്രതികൂലിച്ചും ഹർജികൾ ഗവൺമെന്റിൽകിട്ടീട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സംഗതി ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

Certain statements made by the Mulakunnattukavu Member during the discussion of the Nambudiri Religious and Charitable Endowments Bill in the Council.

313. മിസ്റ്റർ കപ്ലിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—(എ) നമ്പൂതിരിധർമ്മസ്ഥാപനബിൽ കൊച്ചിനിയമസഭയിൽ ഹാജരാക്കുന്നതിനു് അനുവാദം ചോദിച്ച സന്ദർഭത്തിൽ "മഹാരാജാവുതിരുമനസ്സുകൊണ്ടു് ഈ നേ അഭിപ്രായംതന്നെ ഖണ്ഡിതമായി രേഖപ്പെടുത്തീട്ടുണ്ടെന്നു് സൂക്ഷ്മമായി അറിയുന്നു" എന്നുള്ള ബഹുമാനപ്പെട്ട മുളകുന്നത്തുകാവുമെമ്പരുടെ പ്രസ്താവന ഗവൺമെന്റിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

(ബി) മഹാരാജാവുതിരുമനസ്സിലെ അഭിപ്രായം എന്താണെന്നു് ബഹുമാനപ്പെട്ട മുളകുന്നത്തുകാവുമെമ്പരെ ഗവൺമെന്റു് അറിയിച്ചിട്ടുണ്ടോ?

(സി) ഗവൺമെന്റു് അയച്ചുകൊടുത്തിട്ടില്ലെങ്കിൽ ഈ വിവരം ബഹുമാനപ്പെട്ട മുളകുന്നത്തുകാവുമെമ്പർക്കു് ആരാണു് കൊടുത്തതെന്നു് അന്വേഷണം നടത്തുവാൻ ഗവൺമെന്റിനു് ഭയമുണ്ടാകുമോ?

മിസ്റ്റർ പി. മാധവമേനോൻ.—(എ) ഉണ്ട്. (ബി) ഇല്ല.

(സി) ഇതിനെപ്പറ്റി അന്വേഷണം നടത്തുവാൻ ഗവൺമെന്റു് വിചാരിക്കുന്നില്ല.

മിസ്റ്റർ കപ്ലിങ്ങാട്ട ശങ്കരൻ നമ്പൂതിരി.—മഹാരാജാവുതിരുമനസ്സുകൊണ്ടു് ഇതിനെപ്പറ്റി എന്തൊരഭിപ്രായം രേഖപ്പെടുത്തീട്ടുണ്ടെന്നു് മുളകുന്നത്തുകാവുമെമ്പർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽപറഞ്ഞുകാണുന്നു. ഗവൺമെന്റു് അതു് സമ്മതിക്കുന്നുണ്ടു്. അപ്രകാരം തിരുമനസ്സുകൊണ്ടു് രേഖപ്പെടുത്തീട്ടുള്ള അഭിപ്രായം മേശപ്പുറത്തു് വയ്ക്കുമോ?

മിസ്റ്റർ പി. മാധവമേനോൻ.—അങ്ങനെ യാതൊരു അഭിപ്രായവും രേഖപ്പെടുത്തീട്ടില്ല.

314. മിസ്റ്റർ കപ്ലിങ്ങാട്ട് ശങ്കരൻനമ്പൂതിരി—(എ) നിയമസഭയുടെ ആലോചനയിൽ ഇരിക്കുന്ന ഏതെങ്കിലും സംഗതികളെപ്പറ്റി മഹാരാജാവുതിരുമനസ്സിലേക്കുള്ള അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ടെങ്കിൽ അതു സഭാംഗങ്ങളെ അറിയിക്കാറുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകളോടുകൂടിയാണു് അറിവുകേടുക്കാറുള്ളതെന്നു് ദയവുചെയ്തു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly